# പത്രക്കുറിപ്പ്

## കനകക്കുന്നിൽ എൻ.എഫ്.എഫ്.കെ യുമായി ബന്ധപ്പെട്ടു പ്രവേശനം വൈകിട്ട് അഞ്ചര മണി മുതൽ

**തിരുവനന്തപുരം:** സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഫെബ്രുവരി-16) കനകക്കുന്ന്, നിശാഗന്ധി, മാനവീയം വീഥി എന്നിവിടങ്ങളിലായി നടത്തപ്പെടുന്ന നാട്യ കലാരൂപങ്ങളുടെ മേളയായ നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള -2018 (എൻ.എഫ്.എഫ്.കെ) യുടെ കനകക്കുന്നിലേയും നിശാഗന്ധിയിലേയും ചടങ്ങിൽ പങ്കെടുക്കേണ്ടവരെ ഉപരാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ചുള്ള സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി വൈകുന്നേരം 05.30 നു ശേഷം മാത്രമെ കനകക്കുന്നിൽ പ്രവേശനം അനുവദിക്കുകയുള്ളു എന്ന് സിറ്റി പോലീസ് കമ്മീഷണർ പി.പ്രകാശ് അറിയിച്ചു. ഉച്ചക്ക് 02.30-നു മുമ്പായി തന്നെ എൻ.എഫ്.എഫ്.കെ യിലെ അണിയറ പ്രവർത്തകർ സുരക്ഷാ ക്രമീകരണങ്ങൾക്കായി കനകക്കുന്ന് കൊട്ടാര പരിസരത്തു നിന്ന് പുറത്തു പോകണമെന്നും സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞു.

ഉപരാഷ്ട്രപതി എം.വെങ്കയ്യ നായിഡു പങ്കെക്കുന്ന ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതിയുടെ ചടങ്ങിൽ പങ്കെടുക്കുവാൻ വരുന്നവരുടെ എല്ലാ വാഹനങ്ങളും മ്യൂസിയം പോലീസ് സ്റ്റേഷനു സമീപമുള്ള റോഡിലൂടെ കടന്ന് സൂര്യകാന്തി പാർക്കിങ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണെന്നും കമ്മീഷണർ അറിയിച്ചു.

OFFICE OF THE DISTRICT POLICE CHIEF
Government of Kerala
THIRUVANANTHAPURAM CITY

**ജില്ലാ പോലീസ് മേധാവി**
തിരുവനന്തപുരം സിറ്റി

**P. PRAKASH IPS**
**Commissioner of Police**
**Thiruvananthapuram City**